അശ്രഫ് ആഡൂർ; സങ്കടത്തിന്റെ ഒരു വലിയ കഥ

web desk 1 March 31, 2019



മുഖ്താർ ഉദരംപൊയിൽ

വർഷങ്ങൾക്ക് മുമ്പ് മഞ്ചേരിയിലെ സഹൃദയ ക്യാമ്പുകളിൽ വെച്ചാണ് അശ്രഫ് ആഡൂരിനെ പരിചയപ്പെടുന്നത്. മുഖത്തും മനസ്സിലും ചിരി നിറച്ചാണ് കണ്ണൂരിൽ നിന്ന് വരുന്ന സംഘത്തിൽ അശ്രഫുമുണ്ടാവുക. ഉള്ളിൽ സങ്കടങ്ങൾ നിറയുമ്പോഴാണ് ഏറ്റവും സുന്ദരമായി ഒരാൾക്ക് ചിരിക്കാനാവുകയെന്ന് അശ്രഫിനെ പരിചയമുള്ളവർക്കറിയാം. സങ്കടമുറിവിൽ നിന്നടർന്നുനീറുന്ന ചോര പൊടിയലുകളായിരുന്നല്ലോ അശ്രഫിന്റെ ഓരോ കഥകളും. ജീവിത വേദനകളുടെ വലിയൊരു കീറ് ഇത്തിരി വാക്കുകളിൽ നമ്മുടെ ഉള്ളിലേക്ക് തീക്കനൽ ചൂടായി കോരിയിടുകയായിരുന്നല്ലോ അശ്രഫ് ചെയ്തിരുന്നത്.

അശ്രഫ് എഴുതിയ ഏറ്റവും സങ്കടകരമായ കഥയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അശ്രഫിന്റെ കഥകൾ വായിച്ചുതുടങ്ങുമ്പോൾ അശ്രഫ് ഒരു വാർപ്പുപണിക്കാരനായിരുന്നു. വിശപ്പ് തുന്നിയ ജീവിതത്തിൽ നിന്ന് ഉമ്മയെ ചോറിനോടുപമിക്കാൻ അശ്രഫിനല്ലാതെ മറ്റാർക്ക് കഴിയും.

പരിയാരം മെഡിക്കൽ കോളജിൽ അദ്ദേഹത്തെ കാണാൻ എഴുത്തുകാരനും സുഹൃത്തുമായ റഹ്മാൻ കിടങ്ങയത്തോടൊപ്പം പോയിരുന്നു. യാത്രയിലുടനീളം അശ്രഫിന്റെ ചിരിക്കുന്ന മുഖമായിരുന്നു മനസ്സിലുണ്ടായിരുന്നത്. പക്ഷേ ആ കിടപ്പ് കണ്ടപ്പോൾ തളർന്നുപോയി. മെലിഞ്ഞുണങ്ങി എല്ലുംതോലുമായി ഒരാൾ. ഇത് അശ്രഫ് തന്നെയാണോ എന്ന് വിശ്വസിക്കാനായില്ല. ബോധരഹിതനായി, ഒന്നു ചലിക്കാൻ പോലുമാവാതെ, ഉമിനീരുപോലുമിറക്കാനാവാതെ. വല്ലാത്ത കിടത്തം തന്നെ.

ഞാൻ അശ്രഫിനെ ഒന്നുതൊട്ടു. തണുത്ത ശരീരത്തിൽ ജീവന്റെ തുടിച്ച് അനങ്ങാതെ കിടപ്പുണ്ട്. ഞങ്ങളെ തിരിച്ചറിയുന്നുണ്ടോ എന്ന് ആ മുഖത്തേക്ക് നോക്കി. നിശ്ചലനായി അശ്രഫ് കിടക്കുന്നത് ഏറെ നേരം നോക്കി നിൽക്കാനാവുമായിരുന്നില്ല. അശ്രഫിന്റെ ഭാര്യ, സങ്കടക്കടൽ ഉള്ളിലൊളിപ്പിച്ചിട്ടും തിരയടി ശബ്ദം പുറത്തുകേൾക്കാമായിരുന്നു.

അശ്രഫിന്റെ ചികിത്സാകാര്യങ്ങൾ നോക്കിനടത്തുന്ന നല്ല സുഹൃത്ത് അൻസാരിക്ക എന്ന ഇയ്യ വളപട്ടണവും കൂടെയുണ്ടായിരുന്നു. ഇയ്യക്ക അശ്രഫിന്റെ കഥ പറഞ്ഞു. സങ്കടത്തിന്റെ ഒരു വലിയ നിശ്വാസം.

അശ്രഫിന്റെ മകന്റെ ഫോൺ വരുമ്പോൾ ഇയ്യക്ക വീട്ടിലായിരുന്നു; ധനലക്ഷ്മി ആസ്പത്രി വരെ വരണം. ഉപ്പാക്ക് പിന്ന്യം സുഖൂല്ലാതായി.
അപ്പോൾ കണ്ണൂരിലെ പ്രാദേശിക ചാനലിൽ ജോലി ചെയ്യുകയായിരുന്നു അശ്രഫ്. ജോലിക്കിടയിൽ തലകറങ്ങി വീണപ്പോഴും ആദ്യം വിളി വന്നത് ഇയ്യക്കാക്കാണ്. ആശുപത്രിയിലെത്തിച്ച് പരിശോധന കഴിഞ്ഞ് പേടിക്കാനൊന്നുമില്ലെന്ന ഡോക്ടറുടെ ആശ്വാസ വാക്കും കേട്ട് വീട്ടിൽ കൊണ്ടാക്കിയതായിരുന്നു. പക്ഷേ വീണ്ടും അശ്രഫിന് തളർച്ചയനുഭവപ്പെടുകയായിരുന്നു. രണ്ടു കുട്ടികളുമായി ഭാര്യ ഐ.സി.യു വിനു മുന്നിൽ തളർന്നു നിൽക്കുന്നു.

രോഗം ഗുരുതരമാണെന്നേ ഡോക്ടർമാർ പറഞ്ഞിരുന്നുള്ളൂ. ആഴ്ചകളോളം മംഗലാപുരത്തെ ചികിൽസ. എല്ലാ വഴികളും അടഞ്ഞപ്പോൾ പരിയാരം മെഡിക്കൽ കോളേജിലേക്ക്. രോഗം മസ്തിഷ്കാഘാതമാണെന്നു തിരിച്ചറിഞ്ഞിട്ടും പ്രതീക്ഷ കൈവിടാതെ ഭാര്യയും കൂട്ടുകാരും.

അശ്രഫിന്റെ മുഖം ചെരിഞ്ഞുനോക്കുന്നിടക്ക് അശ്രഫിന്റെ ഒരു പുസ്തകമുണ്ടായിരുന്നു. അശ്രഫിന്റെ ചിരിക്കുന്ന മുഖമുള്ള അശ്രഫ്

ആഡൂരിന്റെ തിരഞ്ഞെടുത്ത കഥകൾ. അശ്രഫ് കണ്ണുതുറന്നാൽ ആ പുസ്തകം കാണണം. അടങ്ങാത്ത പ്രത്യാശയും പ്രതീക്ഷയുമാണ് ആ പുസ്തകം അശ്രഫിന്റെ ഭാര്യക്കും കൂട്ടുകാർക്കും. ആരുമില്ലാത്തപ്പോൾ അതിലെ കഥകൾ അശ്രഫ് കേൾക്കെ വായിച്ചുകൊടുക്കും. പ്രതീക്ഷകൾ സിറാത്ത് പാലത്തിലൂടെ നടക്കുമ്പോൾ അങ്ങനെ നിസ്സാരമെന്ന് തോന്നാവുന്ന ചില പ്രത്യാശകൾ നമ്മളെകൊണ്ട് ഇങ്ങനെയൊക്കെ ചെയ്യിക്കും.
അതിനിടെ കൂട്ടുകാർ ചേർന്ന് അശ്രഫിനൊരു വീടുണ്ടാക്കി. സ്നേഹത്തിന്റെ മധുരം ചേർത്ത് ഒരു കഥവീട്. അതിനകത്ത് ഒരു വലയി സങ്കടക്കഥയായി, അശ്രഫ് നാല് വർഷത്തോളം ആ കിടപ്പങ്ങനെ കിടന്നു.

സൗഹൃദത്തിന്റെ വലിയമധുരം കാണിച്ചുതരാനായിരുന്നോ അശ്രഫ് ഇങ്ങനെ മിണ്ടാതെ കിടന്നത്. അശ്രഫ്, നിന്നിലെ നന്മയാണോ ഇത്രയും നല്ല ചങ്ങാതിമാരെ നിനക്ക് തന്നത്. ഇയ്യക്കയെ പോലൊരു ചെങ്ങാതി പോരെ ജീവിതത്തിൽ. വിനോദേട്ടനെ പോലെ, കണ്ണൂരിലെ സഹൃദയരായ എഴുത്തുകാരെപ്പോലെ ജീവിതത്തിലെ സങ്കടങ്ങളെയെല്ലാം മായ്ച്ചുകളയാനും വലിയ സൗഹൃദത്തിന്റെ സൗഭാഗ്യങ്ങൾ.

ഇയ്യക്കയോട് ഇടക്കിടെ അശ്രഫിനെ കുറിച്ച് തിരക്കാറുണ്ട്. പ്രതീക്ഷ അസ്തമിച്ചിരുന്നു എല്ലാവർക്കും. അശ്രഫിന്റെ മകന് കണ്ണൂർ എയർപോർട്ടിൽ ജോലി ലഭിച്ച വാർത്തയാണ് അതിനിടക്ക് അശ്രഫുമായി ബന്ധപ്പെട്ട് കേട്ട ഏറ്റവും നല്ല വാർത്ത.

ഒരാളുടെ മരണം ആശ്വാസമെന്ന് പറയാൻ പാടുണ്ടോ എന്നറിയില്ല, പ്രിയ അശ്രഫ്, നിന്റെ മരണം നിന്നെ സംബന്ധിച്ചിടത്തോളമെങ്കിലും വലിയ ആശ്വാസമാണെന്നാണ് ഞാൻ കരുതുന്നത്. അങ്ങനെ സമാധാനിക്കാൻ ശ്രമിക്കുമ്പോളും കണ്ണിൽ വെള്ളം നിറയുന്നതെന്താണ് ചെങ്ങാതീ. പരിപാരം മെഡിക്കൽ കോളജിൽ കണ്ട 'കോലം' മറക്കാൻ തിരഞ്ഞെടുത്ത കഥകളുടെ കവർ ചിത്രത്തിൽ നോക്കിയിരിക്കുകയാണ് ഞാൻ. പ്രിയ സുഹൃത്തേ, എല്ലാ സങ്കടങ്ങൾക്കും ശാന്തിയുണ്ടാവട്ടെ. സമാധാനത്തിന്റെ സ്വർഗത്തിൽ ചിരിച്ചുകൊണ്ട് കണ്ടുമുട്ടാനാവട്ടെ.
പ്രാർഥനകൾ.

.....
..... മരണത്തിന്റെ മണമുള്ള വീട് ആണ് അശ്രഫിന്റെ

ആദ്യ കഥ. പിന്നീട് കരഞ്ഞുപെയ്യുന്ന മഴ, കുഞ്ഞാമന്റെ പുതപ്പ്, മുറ്റമില്ലാത്ത കുട്ടികൾ, പെരുമഴയിലൂടൊരാൾ, മരിച്ചവന്റെ വേരുകൾ തുടങ്ങി നിരവധി കഥകൾ പുറത്തുവന്നു.

മലയാളത്തിന്റെ കഥാകൃത്ത് ടി പത്മനാഭന്റെ പ്രശംസ ഏറ്റുവാങ്ങിയ അശ്രഫിന്റെ കഥകൾ പിന്നീട് മുൻനിര ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും ഒഴിച്ചു കൂടാനാവാത്ത ഒന്നായി മാറി. മികച്ച മാധ്യമപ്രവർത്തകനുള്ള പാമ്പൻ മാധവൻ അവാഡ്. ജീവകാരുണ്യ ടെലിവിഷൻ റിപ്പോർട്ടിനുള്ള എ.ടി ഉമ്മർ മാധ്യമ പുരസ്കാരം, കൂടാതെ മുന്നോളം ഡോക്യുമെന്ററികൾ ചെയ്യുകയും അവക്ക് അവാഡുകൾ ലഭിച്ചിട്ടുണ്ട്. 2015 ഫെബ്രുവരി 23 ന് മാധ്യമപ്രവർത്തകനായിരിക്കെയാണ് പക്ഷാഘാതം ബാധിച്ചത്. ചികിത്സക്ക് ശേഷവും പൂർണ്ണമായി ഭേധമാവാത്ത രോഗവുമായി അന്ന് മുതൽ അർദ്ധ ബോധാവസ്ഥയിൽ കിടക്കുകയായിരുന്നു.